കാഴ്ചപ്പാട്

ESTABLISHED 1888

1188 മീനം 06, 1434 ജമാദുൽ അവ്വൽ 07
തിരുവാതിര 55/34, അഷ്ടമി 14/12

വിണ്ട മണ്ണിൽനിന്ന് വരണ്ട വിലാപം

ഉദാരമായ കേന്ദ്രസഹായം ലഭ്യമാവണം

വറ്റിപ്പോയ ജലസ്രോതസ്സ്, വിണ്ടുകീറിയ മണ്ണ്, ഉണങ്ങിത്തീർന്ന പച്ചപ്പ്, പൊള്ളുന്ന മനസ്സ്... ഒരു വലിയ വറച്ചട്ടിയാണിപ്പോൾ കേരളം. സംസ്ഥാന രൂപവൽക്കരണത്തിനു (1956) ശേഷമുള്ള ഏറ്റവും കടുത്ത വരൾച്ചയിലൂടെയാണു കേരളം കടന്നുപോകുന്നതെന്നു സ്ഥിതിവിവരക്കണക്കുകളുടെ പിൻബലത്തോടെ കേന്ദ്രസംഘത്തെ സർക്കാർ ധരിപ്പിച്ചിരിക്കുകയാണ്. ഈ കൊടുംവരൾച്ച മൂലം ഇതുവരെ 7888 കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണു സർക്കാരിന്റെ കണക്ക്.

മഴ ചതിച്ചതോടെ സംസ്ഥാനം വരൾച്ചബാധിതമായി പ്രഖ്യാപിച്ച്, അതിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പകൾക്കു മൊറട്ടോറിയം ഉൾപ്പെടെ ചില ആശ്വാസ നടപടികൾ സംസ്ഥാന സർക്കാർ നേരത്തേ സ്വീകരിച്ചിരുന്നു. കേരളത്തിലെ വരൾച്ചാസ്ഥിതിവിശേഷം വിലയിരുത്താനെത്തിയ ഉന്നതതല കേന്ദ്രസംഘം കേന്ദ്രസർക്കാരിനു സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദാരമായ സഹായം ലഭിക്കേണ്ടതുണ്ട്. എന്നാൽതന്നെയും, ജലദൗർലഭ്യവുമായി ബന്ധപ്പെട്ട ഗുരുതരപ്രശ്നങ്ങൾക്കുള്ള അടിസ്ഥാന പരിഹാരം ബാക്കിനിൽക്കും. സ്ഥായിയായ ജലസംരക്ഷണ പരിപാടികളാണു സർക്കാർ ആവിഷ്കരിക്കേണ്ടത്.

താളംതെറ്റിയ കാലവർഷത്തിന്റെയും തുലാവർഷത്തിന്റെയും കണക്കുകൾ കാണിച്ച്, കാലാവസ്ഥാവ്യതിയാനമാണു വില്ലനെന്നു സ്ഥാപിക്കാമെങ്കിലും കടുത്ത ജലദാരിദ്ര്യം ഒരു നല്ലപരിധിവരെ നാം വരുത്തിവച്ചതല്ലേ? കാലാവസ്ഥാമാറ്റങ്ങൾ തുടർന്നും സംഭവിക്കുമെന്നിരിക്കേ, കുടിവെള്ളവും കൃഷിക്കാവശ്യമായ വെള്ളവും ഏതൊരവസ്ഥയിലും നാടെങ്ങും എത്തിക്കാനുള്ള സ്ഥിരപദ്ധതികളാണ് ആവശ്യം.

കഴിഞ്ഞദിവസം സംസ്ഥാന ബജറ്റിന്റെ മുന്നോടിയായി നിയമസഭയിൽ അവതരിപ്പിച്ച സാമ്പത്തിക അവലോകനത്തിൽ ജലദൗർലഭ്യത്തിന്റെയും പരിസ്ഥിതി മലിനീകരണത്തിന്റെയും ഭയാനകചിത്രം വരച്ചുകാട്ടിയിട്ടുണ്ട്. ജലസംരക്ഷണം, മാലിന്യനിർമാർജനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ കാര്യങ്ങളിൽ കേരളം വളരെ പിന്നിലായിപ്പോയെന്നു സർവേ കുറ്റപ്പെടുത്തുന്നു. നീർത്തടങ്ങളും നദികളും അവഗണിക്കപ്പെട്ടതു പ്രശ്നം കൂടുതൽ രൂക്ഷമാക്കിക്കഴിഞ്ഞു. കുടിവെള്ളത്തിൽ പലയിടത്തും ലോഹങ്ങളുടെ സാന്നിധ്യം അപകടകരമായി ഉയർന്നുനിൽക്കുന്നതു തന്നെ ജലമലിനീകരണത്തിന്റെ രൂക്ഷത വിളിച്ചുപറയുന്നു. കൃഷിയാവശ്യത്തിന്റെ 50 ശതമാനവും നിറവേറ്റുന്നതു ഭൂഗർഭജലമാണ്. ഉപരിതല ജലശേഖരം വറ്റിവരളുമ്പോൾ ഭൂഗർഭ ജലവ്യാപനത്തിന്റെ രീതികളിലും വ്യത്യാസമുണ്ടാകുന്നു. യഥേഷ്ടം കനാലുകളും തടയണകളും നിർമിച്ചു കൃഷിക്കാവശ്യമുള്ള വെള്ളം വേണ്ടത്ര എത്തിക്കാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടുമില്ല. വൈദ്യുതിദൗർലഭ്യമാകട്ടെ, ഓരോ വർഷവും രൂക്ഷമാകുകയുമാണ്.

ഇത്രയേറെ നദികളും ജലാശയങ്ങളുമുള്ള കേരളം ജലസംരക്ഷണ പരിപാടികൾ ഫലപ്രദമായി ആവിഷ്കരിച്ചിരുന്നെങ്കിൽ ഇത്തരത്തിൽ രൂക്ഷമായ വരൾച്ച നേരിടേണ്ടിവരുമായിരുന്നില്ല. ജനസാന്ദ്രതയേറിയ സംസ്ഥാനത്തു ഭൂരിപക്ഷം ജനങ്ങളും ജലസ്രോതസ്സുകൾക്കു സമീപമാണു താമസിക്കുന്നത്. അതുപക്ഷേ, ജലസ്രോതസ്സുകൾ അതിവേഗം മാലിന്യനിക്ഷേപത്തിനുള്ള ചവറ്റുകുട്ടകളായി മാറിയതിനുള്ള കാരണമാകുന്നില്ല. ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനു തദ്ദേശസ്ഥാപനങ്ങൾ വേണ്ടത്ര പണം ലഭ്യമാക്കിയിട്ടും ഫലപ്രാപ്തി ഉണ്ടാകുന്നുമില്ല. നമ്മുടെ ജലസാക്ഷരതയിൽനിന്നേ ഇനിയെങ്കിലും കേരളത്തിനു സമൃദ്ധമായ ജലവരം ലഭിക്കുകയുള്ളൂ.

ഭാഗ്യവശാൽ ഭക്ഷ്യദൗർലഭ്യം നമ്മെ അലട്ടാറായിട്ടില്ല. കേന്ദ്രസർക്കാരിന്റെ ധാന്യശേഖരത്തിൽ വേണ്ടത്ര സ്റ്റോക്കുണ്ടെന്നതാണ് ആശ്വാസം. എന്നാൽ, വരൾച്ചയെത്തുടർന്നു കാർഷികമേഖലയിലുണ്ടായ മാന്ദ്യം ഒരു നല്ല വിഭാഗത്തിന്റെ വരുമാനത്തെ ബാധിക്കും. ജലമാലിന്യംമൂലം സമൂഹം രോഗഗ്രസ്തമാകുന്നുമുണ്ട്. ശുദ്ധജലം എന്ന മൗലികാവകാശം നിഷേധിക്കപ്പെടുന്നതിലും മോശമായ ഒരു സ്ഥിതിവിശേഷം മറ്റെന്താണ്?

സ്വാതന്ത്ര്യാനന്തരം നമ്മുടെ സർക്കാരുകൾ ഏറെ തുക ജലസേചനമേഖലയിലും കുടിവെള്ള വിതരണത്തിനും ചെലവഴിച്ചെങ്കിലും പദ്ധതികളിലേറെയും പാഴായിപ്പോയില്ലേ? സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും കുത്തക തന്നെയായ കുടിവെള്ള വിതരണത്തിൽ പുതിയ ആശയങ്ങളും വൻ നിക്ഷേപവും കടന്നുവരേണ്ടതല്ലേ? നീർത്തടങ്ങളും നദികളും സംരക്ഷിക്കുന്നതിലുള്ള ഉദാസീനത മാറ്റിയെടുക്കാൻ ഭാവനാപൂർണമായ പദ്ധതികളുണ്ടാകുകയും നിർവഹണത്തിൽ കർമകുശലത പ്രകടിപ്പിക്കുകയും വേണം. കാലാവസ്ഥാവ്യതിയാനങ്ങളെ ചെറുക്കാൻ നമുക്കാവില്ലെങ്കിലും വറച്ചട്ടിക്കടിയിലെ തീച്ചൂടു കുറയ്ക്കാനെങ്കിലും നാം ഒത്തുചേർന്നു വിചാരിച്ചാൽ കഴിയുമെന്നു തീർച്ച.

> “അപരിചിതരോട് മനോഹരമായി പെരുമാറുന്നവനാണ് വിശ്വപൗരൻ”
>
> **ബേക്കൺ**

100 വർഷം മുൻപ്

എഴുത്തയച്ചു

ബങ്കാൾവിഭാഗത്തെപ്പറ്റി ബങ്കാളത്തുള്ളയാളുകൾ ബഹളം കൂട്ടുകയാലാണതു സാധിച്ചതെന്നും കോളനികളിൽ കൊടുക്കുന്ന സ്വയഭരണം പോലെ ഇൻഡ്യയിലും ഭരണം ലഭിക്കുന്നതിനു നിയമാനുസരണമായ ക്ഷോഭങ്ങൾ ഉണ്ടാക്കി ബ്രിട്ടീഷുകാരുടെ ആനുകൂല്യം സമ്പാദിക്കേണ്ടതാണെന്നും മറ്റും വയോവൃദ്ധനായ ദാദബായി നവരോജി അവർകൾ സുരേന്ദ്രനാഥ ബാനർജിയ്ക്ക് ഒരു എഴുത്തയച്ചിരിക്കുന്നതായിക്കാണുന്നു.

27. 12. 1911

കരിക്കും ചക്കയും സ്വരാജും

കൽപറ്റ നാരായണൻ



ബുധപക്ഷം

സത്യൻ അന്തിക്കാടിന്റെ ‘സന്ദേശം’ എന്ന ചിത്രത്തിൽ അർഥപൂർണമായ ഒരു ദൃശ്യമുണ്ട്. ഹിന്ദിക്കാരനായ രാഷ്ട്രീയ നേതാവ് ‘നാരിയേൽപാനി’ എന്നു പറഞ്ഞപ്പോൾ അതെന്താണ് എന്നു പരസ്പരം പകച്ചുനോക്കുന്ന മലയാളികളായ കോമാളിക്കൂട്ടത്തിന്റെ ദൃശ്യം. ആ മലയാളികൾ മുഴുവൻ മലയാളികളുമാണെന്ന് എനിക്കു ചിലപ്പോൾ തോന്നാറുണ്ട്.

‘കേരം തിങ്ങും കേരളനാട്ടിൽ’ അത്യാവശ്യമായി ഒരിളന്നീർ വേണമെങ്കിൽ ഓടി അടുത്ത അങ്ങാടിയിൽ ചെല്ലണം. ഭാഗ്യമുണ്ടെങ്കിൽ കർണാടകയിൽ നിന്നോ തമിഴ്നാട്ടിൽ നിന്നോ ദിവസങ്ങൾക്കു മുൻപേ ഇറക്കിയ പഴകിവിളറിയ സ്വാദുള്ള ഇളന്നീർ ഇരുപതു രൂപ വിലയ്ക്കു കിട്ടിയേക്കാം. എങ്ങോട്ടു തിരിഞ്ഞാലും തെങ്ങുള്ള, അതിലൊക്കെ തേങ്ങയെക്കാൾ ഇളന്നീരും കരിക്കുമുള്ള നാട്ടിലെ ഈ വിഡ്ഢിത്തം തലയിൽ തേങ്ങ വീണാൽ പോലും നാം മനസ്സിലാക്കുകയില്ല.

നാളികേരത്തിന്റെ നാട്ടിൽ നാളികേരമല്ലാതെ ആരും ഇളന്നീർ വിൽക്കുകയില്ല. പറമ്പിൽ പതിനഞ്ചോ പതിനാറോ രൂപ ഇളന്നീരൊന്നിനു കൃഷിക്കാരന്റെ കയ്യിൽ വച്ചുകൊടുത്താലും മലയാളിക്കു തെങ്ങു തേങ്ങമാത്രം കായ്ക്കുന്നൊരു ഫലവൃക്ഷമാണ്. അതിനു മൂന്നോ നാലോ രൂപ കിട്ടിയാൽ മതി, ഉണക്കി കൊപ്പരയാക്കി അതിലും കുറഞ്ഞ വില കിട്ടിയാലും സന്തോഷം. ഇരുന്ന ഇരിപ്പിൽ നിന്നൊന്നു മാറിയിരിക്കാൻ ജീവൻ പോയാലും സമ്മതിക്കാത്ത മലയാളിയെക്കുറിച്ച് അടൂർ ഗോപാലകൃഷ്ണൻ ‘എലിപ്പത്തായം’ എന്ന സിനിമയെടുത്തിട്ടുണ്ട്. ഇളന്നീരോ കരിക്കോ ഇടാൻ സമ്മതിക്കാത്ത, അതിനു കിട്ടാവുന്ന വിലയുടെ മൂന്നിലൊന്നിനു തേങ്ങ സന്തോഷപൂർവം വിൽക്കുന്ന വിഡ്ഢിയും ഭീരുവുമായ മലയാളിയുടെ പലവിതാനമുള്ള ദുരന്തത്തിന്റെ ഒരു രൂപകൽപനയുമാവാം ആ ചിത്രം. എല്ലാ അതിവേഗങ്ങൾക്കും അടിയിൽ മലയാളി നിശ്ചലനാണ്. എല്ലാ വിപ്ലവങ്ങൾക്കുമടിയിൽ മലയാളി തികഞ്ഞ യാഥാസ്ഥിതികനാണ്.

ഇളന്നീരിനെ അതീവ സ്വാദുള്ള പാനീയമാക്കാൻ മലയാള മണ്ണിനുള്ള കഴിവ് മറ്റൊരിടത്തെ മണ്ണിനുമില്ല. വെള്ളം കുറവായിരിക്കും കേരളത്തിലെ ഇളന്നീരിൽ എന്ന പരിഭവത്തിലൊന്നും കഴമ്പില്ല. (കഴമ്പ് എന്ന പദം ഇളന്നീരിലെ കഴമ്പിൽ നിന്നുണ്ടായതാണോ എന്ന ഭയം, കഴമ്പുള്ള മലയാളിയെ ക്കാണുമ്പോൾ എനിക്കുണ്ടാകാറുണ്ട്. കഴമ്പുള്ള മലയാളിയോളം കഴമ്പില്ലാത്തവനായി ആരുണ്ട്?) ഇളന്നീരും കരിക്കും മാത്രം വിളയുന്ന തെങ്ങുകൾ വളർത്താൻ കാർഷിക ഗവേഷണശാലകൾ തുണയ്ക്കുക കൂടി ചെയ്താൽ തെങ്ങുകൃഷി നിസ്സംശയം ലാഭകരമായിത്തീരും.

‘കരിക്കും നാക്കിലയിലെ തേൻവരിക്കച്ചുളകളും നാട്ടുമാമ്പഴവും’ നൽകി സൽക്കരിക്കപ്പെട്ട ഒരതിഥിയുടെയും രുചിയുടെ ഭൂപടത്തിൽ നിന്നു കേരളം മാഞ്ഞുപോകുകയില്ല. പക്ഷേ, മലയാളി അതിഥിയെ സൽക്കരിക്കുക ഭൂമിയിലെവിടെയും സുലഭമായ വിഷം കയറിയ കായ്കനികളും കൃത്രിമക്കൂട്ടുകൾകൊണ്ടു വിഷം ചുവയ്ക്കുന്ന ബേക്കറി ഉൽപന്നങ്ങളും നൽകിയാണ്. (ബേക്കറിയുടെയും ഹോട്ടലിന്റെയും അടുക്കളയിൽ കയറിനോക്കിയാൽ മലയാളി മലയാളിയെ കൊല്ലുന്നതിന്റെ പാചകരഹസ്യങ്ങൾ പഠിക്കാം). തുടർച്ചയായ ഇത്തരം ആറു സൽക്കാരങ്ങൾ മതി കേരളത്തിലെ സൂപ്പർ സ്പെഷ്യൽറ്റി ഹോസ്പിറ്റലിലൊന്നിന്റെ അടിയന്തര വാർഡ് സജീവമാകാൻ.

ചുരംകയറി തമിഴ്നാട്ടിലെത്തുന്ന നമ്മുടെ ചക്ക ചുളയൊന്നിന് ഒരുരൂപ എന്ന നിരക്കിൽ അമൂല്യവും സ്വാദുറ്റതുമായിത്തീരാറുണ്ട്. കേരളത്തിലെ പഴക്കടകളിൽ പക്ഷേ, അതിനെന്തോ ആഭിജാത്യക്കുറവുണ്ട്. കേരളത്തിൽ കിട്ടാവുന്ന വിഷം ചുവയ്ക്കാത്ത ഈ ഏക ഭിന്നഭിന്നമായ സ്വാദുള്ള, അനേകം ഇനങ്ങളുള്ള അദ്ഭുത ഫലം അവഗണിക്കപ്പെടുന്നതിലും മലയാളിയുടെ കൊള്ളരുതായ്മയുണ്ട്. ‘മൂന്നു വയസ്സ് പ്രായമുള്ള കുഞ്ഞിനോളം വലുപ്പമുള്ള, ചില്ലയിലല്ല തായ്ത്തടിയിൽ കായ്ക്കുന്ന, അതുല്യമായ സ്വാദുള്ള പഴങ്ങളുള്ള, വറുത്താൽ അസ്സലായ, അഞ്ഞൂറോളം ചക്കക്കുരുക്കളുള്ള ചക്ക’ എന്ന അസാധ്യ ഫലത്തെക്കുറിച്ചു ജോൺ ഡി മാരിങ് നോർത്ത് നൂറ്റാണ്ടുകൾക്കു മുൻപെഴുതിയിട്ടുണ്ട്. നമുക്കതു പക്ഷേ, വേരിലും കായ്ക്കുന്ന വിലയില്ലാത്ത ഫലമാണ്. മലയാളിക്കു ‘ചക്കതീറ്റിക്കൽ’ വിഡ്ഢിയാക്കലാണ്. ‘ചക്കകാട്ടൽ’ മുട്ടുമടക്കി പരിഹസിക്കലാണ്. കിട്ടാക്കനികളിലാണു നമുക്കെന്നും കമ്പം. അപൂർവതയും അലഭ്യതയും വിലക്കൂടുതലും മാത്രമാണു ചക്കയെ അപേക്ഷിച്ച് ആപ്പിളിനും മുന്തിരിക്കും സ്ട്രോബറിക്കും അത്തിപ്പഴത്തിനും ഉള്ള സ്വാദിനടിസ്ഥാനം എന്നറിയുക. തേൻവരിക്കച്ചുളയുടെ സ്വാദുള്ള ഏതു പഴമുണ്ട് പ്രപഞ്ചത്തിൽ?

പോർചുഗീസുകാരുടെ ‘ജക്ക’യും അതിൽനിന്നു രൂപപ്പെട്ട ഇംഗ്ലിഷുകാരന്റെ ‘ജാക്കും’ മലയാളിയുടെ ‘ചക്ക’യുടെ രൂപപരിണാമമാണെന്നു ചരിത്രകാരനായ കെ.പി. പത്മനാഭമേനോൻ പറയുന്നുണ്ട്. ചക്കയെന്നും മാങ്ങയെന്നും പറയുമ്പോൾ ലോകം മുഴുവൻ ചെറിയൊരു ച്ചാരണ വൈകല്യത്തോടെയാണെങ്കിലും മലയാളം പറയുകയാണ്. ഇളന്നീരിന്റെ പാനീയസുഖം ബോംബെവാല തിരിച്ചറിഞ്ഞതുകൊണ്ടാണ് അതു നാരിയേൽപാനിയായത്. നാമതു നേരത്തേ തിരിച്ചറിഞ്ഞ് ഉപയോഗിച്ചിരുന്നെങ്കിൽ ലോകം മലയാളം പറയുന്ന മറ്റൊരു സന്ദർഭമാകുമായിരുന്നു ഇളന്നീർ.

എനിക്കു തോന്നുന്നു, ഗാന്ധി മലയാളിയായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ അതിഥിസൽക്കാര മേശയിലെ വിഭവങ്ങൾ, സ്വന്തം അത്താഴവിഭവങ്ങളും, വേനൽക്കാലത്ത് ഇളന്നീരും ചക്കച്ചുളകളും മാങ്ങാപ്പൂളുകളുമായിരിക്കും എന്ന്. അതിഥികളും അനുയായികളുമായി അവ പങ്കിട്ട് സ്വരാജിനെക്കുറിച്ചു പറയുമ്പോൾ അതു ഭൂമിയിലെ ഏറ്റവും അർഥസാന്ദ്രമായ സായാഹ്നങ്ങളായി മാറുകയും ചെയ്യുമായിരുന്നു.

> **‘കേരം തിങ്ങും കേരളനാട്ടിൽ’ അത്യാവശ്യമായി ഒരിളന്നീർ വേണമെങ്കിൽ ഓടി അടുത്ത അങ്ങാടിയിൽ ചെല്ലണം. ഭാഗ്യമുണ്ടെങ്കിൽ കർണാടകയിൽ നിന്നോ തമിഴ്നാട്ടിൽ നിന്നോ ദിവസങ്ങൾക്കു മുൻപേ ഇറക്കിയ പഴകിവിളറിയ ഇളന്നീർ ഇരുപതു രൂപ വിലയ്ക്കു കിട്ടിയേക്കാം. എങ്ങോട്ടു തിരിഞ്ഞാലും തെങ്ങുള്ള നാട്ടിലെ ഈ വിഡ്ഢിത്തം തലയിൽ തേങ്ങ വീണാൽ പോലും നാം മനസ്സിലാക്കില്ല.**

കടമ്പകൾ; വെല്ലുവിളികൾ



പ്രതിസന്ധിയുടെ വല്ലാർ‘പാഠം’ 2

മനോജ് മാത്യു

DP WORLD
ZPMC
CC/100
MAERSK

കേരളത്തിലെ ചരക്കുനീക്കം പ്രധാനമായും കൊച്ചി തുറമുഖം വഴിയാണെന്നതിനാൽ വല്ലാർപാടത്തെ പ്രശ്നങ്ങൾ കയറ്റുമതി – ഇറക്കുമതി വ്യവസായി സമൂഹത്തിന്റെ കൂടി പ്രതിസന്ധിയാണ്.

കബോട്ടാഷ് നിയമ ഇളവു ലഭിക്കാൻ വല്ലാർപാടം ടെർമിനലിനു കടക്കേണ്ടിവന്നത് ഒരുപാടു കടമ്പകൾ. ഷിപ്പിങ് മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാൻ തന്നെ കാലങ്ങളെടുത്തു. പിന്നീട്, ആസൂത്രണ കമ്മിഷനു മുന്നിൽ. മൂന്നു വർഷത്തേക്കു താൽക്കാലിക ഇളവിനു കമ്മിഷൻ ശുപാർശ ചെയ്തശേഷം കേന്ദ്രമന്ത്രിസഭയുടെ പരിഗണനയിലേക്ക്. ഒന്നര വർഷത്തിനുശേഷം കഴിഞ്ഞ സെപ്റ്റംബറിൽ കേന്ദ്ര മന്ത്രിസഭയും പച്ചക്കൊടി കാട്ടി. ആശ്വാസം പക്ഷേ, ഏറെ നീണ്ടില്ല. കടന്നുപോകുന്ന എല്ലാ കണ്ടെയ്നറുകളും സ്കാൻ ചെയ്യണമെന്നായിരുന്നു പ്രതിരോധ വകുപ്പിന്റെ നിർദേശം.

സുരക്ഷ പ്രധാനം, പക്ഷേ...

ടെർമിനൽ പൂർണസജ്ജമാകുന്നതോടെ ശരാശരി 1100 ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നറുകളെങ്കിലും പ്രതിദിനം വല്ലാർപാടത്ത് എത്തുമെന്നാണു പ്രതീക്ഷ. പരിശോധനയ്ക്കു വേണ്ടിവരുക 12 ദിവസത്തോളം. ഇത്രയും സമയം നഷ്ടപ്പെടുത്താൻ മെയിൻലൈൻ സർവീസുകൾ തയാറാവില്ല. അതോടെ, കബോട്ടാഷ് ഇളവുകിട്ടിയാലും ടെർമിനലിനു പ്രയോജനം കിട്ടില്ലെന്ന സ്ഥിതിയാകും.

ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നറുകൾ യാത്ര തുടങ്ങുന്ന തുറമുഖത്തും യാത്ര അവസാനിപ്പിക്കുന്ന തുറമുഖത്തും കസ്റ്റംസ് പരിശോധനകൾക്കു വിധേയമാക്കുകയാണ് ആഗോള രീതി. ഫീഡർ ഷിപ്പുകളിൽ നിന്നു മദർഷിപ്പിലേക്കു കണ്ടെയ്നർ കൈമാറാൻ മാത്രം സൗകര്യം ഒരുക്കുന്ന ട്രാൻസ്ഷിപ്മെന്റ് ഹബ്ബുകളിൽ അവ പരിശോധിക്കേണ്ട ആവശ്യമില്ലെന്നു കസ്റ്റംസ് വൃത്തങ്ങളും ചൂണ്ടിക്കാട്ടി. വല്ലാർപാടം വഴി ഇറക്കുമതിചെയ്യുന്ന കണ്ടെയ്നറുകൾ സുരക്ഷാ പരിശോധനകൾ പൂർത്തിയാക്കിയശേഷമാണ് ഇന്ത്യൻ മണ്ണിലിറങ്ങുന്നതെന്നും അവർ വ്യക്തമാക്കി.

പലതലങ്ങളിൽ ചർച്ചകൾ നടന്നു. ഒടുവിൽ, റേഡിയോളജിക്കൽ സ്കാനറുകൾ ഉപയോഗിച്ചു മുഴുവൻ കണ്ടെയ്നറുകളും പരിശോധിക്കണമെന്ന ഉപാധിയോടെ കബോട്ടാഷ് നിയമത്തിൽ ഇളവുനൽകാൻ തീരുമാനം വന്നു. എക്സ്റേ സ്കാനർ ഉപയോഗിക്കണമെന്നായിരുന്നു നേരത്തേ പ്രതിരോധവകുപ്പ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ, എക്സ്റേ സ്കാനറുകൾ സ്ഥാപിക്കാൻ വർഷങ്ങളെടുക്കുമെന്നതും പരിശോധനയ്ക്കു കൂടുതൽ സമയം വേണ്ടിവരുമെന്നതും പരിഗണിച്ചായിരുന്നു തീരുമാനമാറ്റം. അപ്പോഴേക്കും പക്ഷേ, രണ്ടുമാസം കൂടി നഷ്ടമായിരുന്നു. എന്നാൽ, യഥാർഥ പരീക്ഷണം വരാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ.

ടെർമിനൽ സ്തംഭനം

കണ്ടെയ്നർ ട്രെയ്‌ലർ തൊഴിലാളികളുടെ സമരമായിരുന്നു പുതുവർഷത്തിൽ ടെർമിനൽ നേരിട്ട വെല്ലുവിളി. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അവർ നടത്തിയ പതിനൊന്നു ദിവസ പണിമുടക്ക് ടെർമിനലിന്റെ പ്രവർത്തനം സ്തംഭിപ്പിച്ചു. സമരംമൂലം കൊച്ചി തുറമുഖത്തും വല്ലാർപാടം ടെർമിനലിലുമായി കെട്ടിക്കിടന്നത് 7200 കണ്ടെയ്നറുകളാണ്; 500 കോടിരൂപ വിലമതിക്കുന്ന ഉൽപന്നങ്ങളും. സമുദ്രോൽപന്ന കയറ്റുമതി മേഖലയ്ക്കായിരുന്നു ഏറ്റവും തിരിച്ചടി. മുപ്പതു കോടി രൂപയിലേറെ വരുന്ന കണ്ടെയ്നറുകളാണു കെട്ടിക്കിടന്നത്. തേയില, കശുവണ്ടി, കയർ തുടങ്ങി കോടികൾ വിലമതിക്കുന്ന ഉൽപന്നങ്ങളും തുറമുഖത്തു ദിവസങ്ങളോളം കെട്ടിക്കിടന്നു. ഇറക്കുമതി ചെയ്ത ഉൽപന്നങ്ങളും തുറമുഖത്തിനു പുറത്തേക്കു കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയുണ്ടായി.

ആയിരത്തിയിരുന്നൂറോളം ട്രെയ്‌ലർ ലോറികളാണു പണിമുടക്കിനെ തുടർന്നു സർവീസ് നിർത്തിയത്. പതിനൊന്നു യൂണിയനുകളിലെ രണ്ടായിരത്തോളം തൊഴിലാളികളായിരുന്നു പണിമുടക്കിയത്. ട്രെയ്‌ലർ ലോറി വാടകയുടെ 11% ഡ്രൈവർക്കും 5.5% ക്ലീനർക്കും ബാറ്റയായി നൽകണമെന്നായിരുന്നു ആവശ്യം. എട്ടും നാലും ശതമാനം വീതമായിരുന്നു പഴയ നിരക്ക്. വിശ്രമ സൗകര്യവും ടെയ്‌ലറുകൾക്കു പാർക്കിങ് സൗകര്യവും ഒരുക്കണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടിരുന്നു. ആദ്യം തൊഴിൽവകുപ്പ് ഉദ്യോഗസ്ഥരും പിന്നീടു തൊഴിൽ മന്ത്രിയും നടത്തിയ ചർച്ചകളിൽ പണിമുടക്ക് ഒത്തുതീർപ്പായി. പക്ഷേ, അപ്പോഴേക്കും 11 തൊഴിൽദിനങ്ങളും വിലമതിക്കാനാവാത്ത സൽപ്പേരും തുറമുഖത്തിനു നഷ്ടമായിരുന്നു.

നഷ്ടവ്യാപാരം

വല്ലാർപാടത്തെ പ്രശ്നങ്ങൾ കയറ്റുമതി - ഇറക്കുമതി വ്യവസായി സമൂഹത്തിന്റെ കൂടി പ്രതിസന്ധിയാണ്. കേരളത്തിലെ പ്രധാന വാണിജ്യ, വ്യവസായ കേന്ദ്രങ്ങളിലേക്കും തിരിച്ചുമുള്ള ചരക്കുനീക്കം കൊച്ചി തുറമുഖം വഴിയാണു നടക്കുന്നത്. കശുവണ്ടി സീസൺ തുടങ്ങിയ സമയത്തായിരുന്നു സമരം. കയറ്റുമതിക്കാർക്കൊപ്പം, ആ മേഖലയിലെ തൊഴിലാളികളെയും സമരം പ്രയാസത്തിലാക്കി.

തുറമുഖവുമായി ബന്ധപ്പെട്ട പണിമുടക്കുകൾ കയർ, കശുവണ്ടി, സമുദ്രോൽപന്ന മേഖലകളെയാണു കൂടുതൽ ബാധിക്കുക. സമരംമൂലം ചരക്കുനീക്കം വൈകുമ്പോൾ ശീതീകരിച്ച കണ്ടെയ്നറുകൾ ഉയർന്ന നിരക്കു നൽകി സൂക്ഷിക്കേണ്ടിവരും. കടലിൽ കാത്തുകെട്ടിക്കിടക്കേണ്ടിവരുന്ന ഷിപ്പിങ് ലൈനുകൾക്കും നഷ്ടമുണ്ടാകും. അതൊഴിവാക്കാൻ കണ്ടെയ്നറുകൾക്കു സർചാർജ് ഏർപ്പെടുത്തുകയാണു കമ്പനികൾ ചെയ്യുക. കയറ്റുമതിക്കാർക്ക് അധിക ച്ചെലവുണ്ടാകുകയാവും ഫലം.

പണിമുടക്കു നീണ്ടാൽ കേരളത്തിൽ നിന്നുള്ള കയറ്റുമതി സ്ഥാപനങ്ങളുടെ വിശ്വാസ്യത രാജ്യാന്തരതലത്തിൽ ചോദ്യംചെയ്യപ്പെടും. വല്ലാർപാടത്തിന്റെ ദുരവസ്ഥ കൊളംബോ ഉൾപ്പെടെയുള്ള വിദേശ ട്രാൻസ്ഷിപ്മെന്റ് ടെർമിനലുകൾക്കു വൻനേട്ടമാണുണ്ടാക്കുന്നത്. ചൈനീസ് പങ്കാളിത്തത്തോടെയാണു ശ്രീലങ്ക തുറമുഖങ്ങൾ വികസിപ്പിക്കുന്നത്.

...അതേക്കുറിച്ചു നാളെ

11 ദിവസം നീണ്ട തൊഴിലാളി സമരം

നിർത്തിയിട്ടത്
1200
ട്രെയ്‌ലർ ലോറികൾ

പണിമുടക്കിയത്
2000
തൊഴിലാളികൾ

കെട്ടിക്കിടന്നത്
7200
കണ്ടെയ്നറുകൾ
500 കോടി രൂപയുടെ
ഉൽപന്നങ്ങൾ

അഴിമതി ആരോപണ കമ്പക്കെട്ട് വീണ്ടും

നടുത്തളം

ഇ. സോമനാഥ്

ബജറ്റിലെ പണം മുഴുവൻ പോയതു തമിഴ്നാട്ടിലേക്കാണോ എന്ന ന്യായമായ സംശയം ഉന്നയിച്ചതു സ്പീക്കർ ജി. കാർത്തികേയനാണ്. ഓരോ ജില്ലയിൽ നിന്നുള്ള എംഎൽഎമാരും അവരുടെ ജില്ലയ്ക്കു ബജറ്റിൽ ഒന്നും കിട്ടിയില്ലെന്നു പരാതിയും പരിഭവവും പറഞ്ഞപ്പോഴാണു സ്പീക്കർക്ക് ഈ സംശയം തോന്നിയത്. അത് അദ്ദേഹം തുറന്നു പ്രകടിപ്പിക്കുകയും ചെയ്തു.

പുള്ളിപ്പുലിയുടെ പുള്ളി മാറില്ലെന്നു വിശ്വസിക്കുന്നവർ ഇന്നലെ സഭയിൽ ഗവ. ചീഫ് വിപ് പി.സി. ജോർജിന്റെ പ്രസംഗം കേൾക്കേണ്ടതായിരുന്നു. ശുഭോദർക്കം, ചാരിതാർഥ്യജനകം തുടങ്ങിയ പദങ്ങളുടെ അകമ്പടിയോടെ ശതമാനക്കണക്കുകൾ ഉദ്ധരിച്ചായിരുന്നു പ്രസംഗം. കേരളത്തിൽ ക്ഷേമപെൻഷൻ കിട്ടുന്ന വിഭാഗങ്ങളുടെ പേരുകൾ ജോർജ് വായിച്ചു. നാവുദോഷക്കാർ ഒഴിച്ചുള്ളവരെല്ലാം അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. വൈകുണ്ഠ സ്വാമിയുടെ കാര്യം പറഞ്ഞായിരുന്നു ഉപസംഹാരം. ഇക്കണക്കിനു പോയാൽ ജോർജ് വൈരാഗ്യം മൂത്തു സന്യസിക്കുന്ന ലക്ഷണമാണ്.

ഇത്രയൊക്കെ ആയിട്ടും കോവൂർ കുഞ്ഞുമോന്റെ മനമലിഞ്ഞില്ല. വെടിവഴിപാടു നടത്തിയാലും മണ്ണാറശാലയിൽ പോയി മഞ്ഞൾ പൊടികൊണ്ടു തുലാഭാരം നടത്തിയാലും നന്നാവില്ലെന്നു കുഞ്ഞുമോന്റെ ശാപം. പോരാത്തതിനു ജോർജിനു പുതിയൊരു പേരുമിട്ടു - പാണ്ടി മണിയൻ. കിടന്നാലും വിന, ചത്താലും വിന; അതാണത്രേ പാണ്ടി മണിയന്റെ പ്രശ്നം.

ജോർജിന്റെ പേരു പറയാതെ ടി.എൻ. പ്രതാപൻ സാരോപദേശം നൽകി: ‘നമ്മുടെ വാക്കുകൾ വാഗർഥങ്ങളുടെ വല്മീകങ്ങളാവട്ടെ, നമ്മുടെ യാത്രകൾ വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള തീർഥയാത്രകളാവട്ടെ...’

ആനയെ മുതൽ ആടിനെവരെ ബജറ്റിൽ വായിച്ചെടുക്കാൻ എം. ഉമ്മറിനു കഴിയുന്നുണ്ട്. ആണവ കരാറിനെയും മറ്റും പറ്റി ചർച്ചചെയ്തിരുന്ന സിപിഎം പൊളിറ്റ് ബ്യൂറോ വിഎസിന്റെ ശിപായിമാരെ മാറ്റുന്നതു ചർച്ചചെയ്യുന്ന നിലവാരത്തിലേക്കു താഴ്ന്നതിൽ അദ്ദേഹത്തിനു സഹതാപമുണ്ട്. സണ്ണി ജോസഫ് ആവശ്യക്കാരനാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ഔചിത്യം ദീക്ഷിക്കേണ്ടതില്ല. പതിവുപോലെ തലശേരി താലൂക്കു വിഭജിക്കണമെന്ന ആവശ്യം അദ്ദേഹം ആവർത്തിച്ചു. തലസ്ഥാനത്തു നടപ്പാക്കുമെന്ന പറഞ്ഞ ഒട്ടേറെ വികസന പദ്ധതികൾ കാണാൻ വി. ശിവൻകുട്ടി കറങ്ങി നോക്കി. ഒന്നും കണ്ടില്ല. പോഡ് കാർ എവിടെയാണ് ഒളിപ്പിച്ചിരിക്കുന്നതെങ്കിലും അദ്ദേഹത്തോടു പറയണം.

മന്ത്രിമാർക്കു ലിക്വിഡേറ്റർമാരുടെ പണിയാണെന്നായി കെ.കെ. ലതിക. മാണിയുടെ ബജറ്റിനെക്കാളേറെ തോമസ് ഐസക്കിന്റെ ബജറ്റുകളെക്കുറിച്ചാണു വർക്കല കഹാർ വാചാലനായത്. നടക്കാത്ത കാര്യങ്ങൾ പറഞ്ഞ് ഐസക് ജനിക്കാത്ത കുഞ്ഞിന്റെ അച്ഛനായി എന്നിങ്ങനെ പോയി കഹാറിന്റെ പരിഹാസം. ടി.എൻ. പ്രതാപൻ അടിമുടി പച്ചയാണ്. കേരളം മുഴുവനും പച്ചയായാലേ അദ്ദേഹത്തിനു തൃപ്തിയാകൂ. അതിനുള്ള നിർദേശങ്ങൾ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം.

അഴിമതി ആരോപണങ്ങളുടെ പെരുമഴക്കാലം തുടങ്ങിയ ലക്ഷണമാണ്. തിങ്കളാഴ്ച മദ്യം, ഇന്നലെ അതിന് അകമ്പടിയായി മത്സ്യം, പോരാത്തതിനു സിവിൽ സപ്ലൈസും റജിസ്ട്രേഷനും. രാജു ഏബ്രഹാമും ടി.വി. രാജേഷുമാണ് ആരോപണങ്ങൾ ഉന്നയിച്ചത്. സിവിൽ സപ്ലൈസ് അഴിമതിയെക്കുറിച്ചു ജുഡീഷ്യൽ അന്വേഷണം നടത്താമോ എന്ന വിഎസിന്റെ ചോദ്യത്തിനു വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടല്ലോ എന്നായിരുന്നു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മറുപടി. പിന്നെ ഒരുനിമിഷം അമാന്തിക്കാതെ പ്രതിപക്ഷം ഇറങ്ങിപ്പോയി. വരുംദിവസങ്ങളിൽ ഇത് ആവർത്തിക്കാൻ സാധ്യത ഏറെയാണ്.

മന്ത്രി കെ.ബി. ഗണേഷ്കുമാറിനെതിരെ അദ്ദേഹത്തിന്റെ ഭാര്യ മുഖ്യമന്ത്രിക്കു നൽകിയ പരാതി അടിയന്തര പ്രമേയത്തിനു വിഷയമാക്കാൻ എ. പ്രദീപ്കുമാർ ശ്രമിച്ചതു നാടകീയ രംഗങ്ങൾക്ക് ഇടയാക്കി. ഒരു ഘട്ടത്തിൽ ഭരണകക്ഷി അംഗങ്ങൾ ഇറങ്ങിപ്പോകുമെന്ന നിലവന്നു. സ്പീക്കർ ഇടപെട്ടതോടെയാണ് അസുഖകരമായ കീഴ്വഴക്കങ്ങൾ ഒഴിവായത്.

ഇന്നത്തെ വാചകം

“പ്രകാശ് കാരാട്ടിനു സ്വന്തം സഹധർമിണിയെ പോലും പിണറായി പക്ഷത്തിന്റെ നിലപാടു ബോധ്യപ്പെടുത്താൻ കഴിയില്ലെന്നത് അവിശ്വസനീയമാണ്. ഇത് ഒത്തുകളിയാണ്. നിങ്ങളെ പറ്റിക്കുകയാണ് ”

എൻ. ഷംസുദ്ദീൻ

കത്തുകൾ

e-mail: kazhchappad@mm.co.in

നാടകങ്ങളും ശകാരവും

തൃശൂർ കറന്റ് ബുക്സ് പ്രസിദ്ധീകരിച്ച ‘സൂര്യ കൃഷ്ണമൂർത്തിയുടെ നാടകങ്ങൾ’ എന്ന പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ എം.ടി. വാസുദേവൻ നായർ കൃഷ്ണമൂർത്തിയെ ശകാരിച്ചു എന്ന വാർത്തയെ തുടർന്നു കൃഷ്ണമൂർത്തിയുടെ പ്രസ്താവനയായി പത്രങ്ങളിൽ വന്ന വാർത്തയിൽ വസ്തുതാപരമായ തെറ്റുണ്ട്. പ്രസാധകനെയാണു ശാസിച്ചത് എന്ന രീതിയിൽ വന്ന വാർത്ത തെറ്റിദ്ധാരണാജനകമാണ്. പ്രസാധകന്റെ ജോലി എഴുത്തുകാരൻ നൽകുന്ന മാറ്റർ പരിശോധിച്ചു നല്ല രീതിയിൽ പ്രസിദ്ധീകരിക്കുകയെന്നതാണ്. വസ്തുതാപരമായ തെറ്റുകൾ കണ്ടെത്തി തിരുത്തുകയെന്നതു വൈജ്ഞാനിക ഗ്രന്ഥങ്ങൾക്കും ചരിത്രപുസ്തകങ്ങൾക്കും മാത്രം ബാധകമായ കാര്യമാണ്.ഒരു സർഗാത്മക രചനയിൽ ആവശ്യമെങ്കിൽ റഫറൻസ് കൊടുത്ത്, കുറ്റമറ്റതാക്കിത്തരേണ്ടത് എഴുത്തുകാരനാണ്. രചനയിലെ കഥാപാത്രങ്ങളെ മാറ്റാനും തിരുത്താനും പ്രസാധകന് അവകാശമില്ല. എംടിയുടെ കഥാപാത്രങ്ങളെ അവലംബിച്ചു കൃഷ്ണമൂർത്തി സ്വതന്ത്രരചന നടത്തുമ്പോൾ, എംടിയോട് അനുവാദം വാങ്ങേണ്ടതും റഫറൻസ് കൊടുക്കേണ്ടതും രചയിതാവാണ്.

കെ.ജെ. ജോണി
പബ്ലിക്കേഷൻ മാനേജർ,
കറന്റ് ബുക്സ്, തൃശൂർ

ഫ്രാൻസിസ് മാർപാപ്പ

മനുഷ്യൻ പ്രകൃതിയുടെ ഉടമസ്ഥനും യജമാനനും അല്ലായെന്നു ലോകത്തോടു തന്റെ യോഗാത്മക ജീവിതത്തിലൂടെ പ്രഖ്യാപിച്ച യോഗീശ്വരനായ ഫ്രാൻസിസിന്റെ പേരു സ്വീകരിക്കുക വഴി ഫ്രാൻസിസ് മാർപാപ്പ ലോകത്തിനു പുതുമയാർന്ന സന്ദേശമാണു നൽകിയിരിക്കുന്നത്. 1979 നവംബർ 29നു പരിസ്ഥിതിയുടെ മധ്യസ്ഥനായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ അസീസിയിലെ ഫ്രാൻസിസിനെ പ്രഖ്യാപിച്ചു. ഫ്രാൻസിസ് ബൈബിളിലെ പ്രകൃതിവീക്ഷണത്തിനു പുതിയ മാനം നൽകി. സൃഷ്ടികളോടൊത്തു സൃഷ്ടാവിനെ സ്തുതിക്കുക മാത്രമല്ല, സൃഷ്ടിയിലുള്ള സകലതും തന്റെ സഹോദരിമാരും സഹോദരന്മാരുമാണെന്നു പ്രഖ്യാപിച്ചു. പ്രകൃതിയുമായി സഹോദരീബന്ധം പുലർത്തണമെന്നു പറയുമ്പോൾ പ്രകൃതിവിഭവങ്ങളെ മനുഷ്യന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന് അർഥമില്ല. പക്ഷേ, അവയുടെ ഉപയോഗത്തിൽ സാഹോദര്യഭാവം പ്രകടിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ലോകം ആഗോളതാപനത്തിന്റെ ഭാഗമായി ഗുരുതരമായ വെല്ലുവിളികളെ നേരിടുമ്പോൾ, പ്രകൃതിയെ മുഴുവൻ ചൂഷണം ചെയ്യാൻ വിവിധ ലോബികൾ രംഗത്തുവരുമ്പോൾ പുതിയ ശീതളമന്ദമാരുതനായി ഫ്രാൻസിസ് മാർപാപ്പ കടന്നുവരുന്നതു പ്രതീക്ഷയ്ക്കു വകനൽകുന്നു.

ഡോ. മാത്യു കോശി പുന്നയ്ക്കാട്
ഡയറക്ടർ, പരിസ്ഥിതി
വകുപ്പ്, സിഎസ്ഐ
മധ്യകേരള മഹായിടവക

മനുഷ്യഡോക്ടർമാർ അസൂയപ്പെടുക

കഴിഞ്ഞ ‘ഞായറാഴ്ച’യെ ധന്യമാക്കിയതു ഡോ. രാജൻ ചുങ്കത്ത് കണ്ടെത്തിയ മനുഷ്യനെ ചികിൽസിക്കുന്ന മൃഗഡോക്ടറുടെ - ഡോ. ഇ. പി. കൃഷ്ണമേനോന്റെ - കഥയാണ്. പ്രതിഭകളുടെ ജീവിതപാതകളുടെ സാഹസിക ചാരുതകളാൽ സമൃദ്ധമായൊരു ജീവിതം! ഇതു വായിക്കവേ പെട്ടെന്ന് ഓർമയിൽ വന്നത് യശഃശരീരനായ പ്രശസ്ത നാടകപ്രതിഭ എൻ. എൻ. പിള്ളയുടെ ആത്മകഥയിലെ ചില പരാമർശങ്ങളാണ്. അദ്ദേഹത്തിനു മനുഷ്യഡോക്ടർമാരെ അത്ര വിശ്വാസം പോരായിരുന്നു. നിർണായക ഘട്ടങ്ങളിൽ ചികിൽസാസഹായം തേടിയിരുന്നതു മൂവാറ്റുപുഴക്കാരനും മണ്ണുത്തി വെറ്ററിനറി കോളജ് പ്രഫസറുമായിരുന്ന ഡോ. രവീന്ദ്രൻ നായരെ. തന്റെ ഡോക്ടർ ഒരു മൃഗഡോക്ടറാണെന്നത് അഭിമാനപൂർവം അദ്ദേഹം പറയാറുണ്ടായിരുന്നു. വർഷങ്ങൾക്കുമുൻപ് അതു വായിക്കുമ്പോഴുണ്ടായ വെളിപാടുകൾക്ക് അടിവരയിടുന്നതായി ഡോ. രാജൻ ചുങ്കത്തിന്റെ ഈ കണ്ടെത്തൽ. മനുഷ്യരെ ചികിൽസിക്കുന്ന മൃഗഡോക്ടർമാരെക്കുറിച്ച് അസൂയപ്പെടാൻ മനുഷ്യഡോക്ടർമാർ സജ്ജരായിരിക്കുക !

പായിപ്ര രാധാകൃഷ്ണൻ
കേരള സാഹിത്യ അക്കാദമി
മുൻ സെക്രട്ടറി

അതിവേഗ റയിൽ ദുഃസ്വപ്നമാകുമോ?

നിർദിഷ്ട അതിവേഗ റയിൽ കടന്നുപോകുന്ന സ്ഥലം ജനസാന്ദ്രതയുള്ളതാണെങ്കിൽ പാത ഭൂമിക്കടിയിലൂടെയും അല്ലാത്തിടത്തു സാധാരണരീതിയിലുമാകും പണിയുക എന്നാണല്ലോ മുഖ്യമന്ത്രി പറയുന്നത്. എന്നാൽ, 20 മീറ്റർ മാത്രം വേണ്ടുന്ന അതിവേഗ പാതയ്ക്കു 100 മീറ്റർ ബഫർ ലാൻഡ് വേണ്ടിവരുമെന്നാണു വെബ്സൈറ്റിൽ. അതു പൊരുത്തക്കേടല്ലേ? 1,65,000 കോടി ചെലവു പ്രതീക്ഷിക്കുന്ന പദ്ധതി പൂർണത കൈവരിക്കുമ്പോൾ എത്രകോടിയിലെത്തും? അനുഭവങ്ങൾ അത്തരത്തിലാണ്.

ജീവിത സായാഹ്നത്തിൽ വിശ്രമത്തിനു തിരഞ്ഞെടുത്ത സ്ഥലത്തുകൂടി അതിവേഗ റയിൽ ഇടനാഴി കടന്നുപോകുന്നുവെന്ന യാഥാർഥ്യം ഇനിയും ഉൾക്കൊള്ളാൻ കഴിയുന്നില്ല. ജീവിതത്തിൽ ഇതുവരെയുള്ള സമ്പാദ്യം സ്വന്തമായി വീട് എന്ന സ്വപ്ന സാക്ഷാൽക്കാരത്തിനു ചെലവഴിച്ചത് അവിടെയാണ്.

എ.കെ. ജയരാജൻ
തൊണ്ടയാട്, കോഴിക്കോട്